**GRIEVANCES OF THE ANCHAL PEONS**

**34.** മിസ്റ്റർ എം. ഒ. തോമാക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

(എ) അഞ്ചൽ ശിപായിമാർ പോരായ്മയെന്നുള്ള പരാതികൾ എന്തെങ്കിലും അഞ്ചലാപ്പീസ്സിൽനിന്നും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടൊ;

(ബി) ഉണ്ടെന്നു വരികിൽ എന്തെല്ലാ അഞ്ചലാപ്പീസ്സിൽനിന്നാണ്;

(സി) ഓരോ അഞ്ചലാപ്പീസ്സുകാർ എത്ര ശിപായിമാരെ വീതമാണ് ആവശ്യപ്പെട്ടിരിക്കുന്നതു;

(ഡി) ഇതിനു വല്ലനടപടിയും എടുത്തുവൊ;

(ഇ) ഉണ്ടെന്നുവരികിൽ എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടു;

(എഫ്) പുതുതായി വെച്ചിട്ടുള്ള ശിപായിമാരെ അതാതു അഞ്ചലാപ്പീസ്സുകളിൽ അത്യാവശ്യമായിട്ടു തന്നെയാണൊ വെച്ചിട്ടുള്ളതു;

(ജി) പ്രധാനപ്പെട്ടതും കൂടുതൽ എഴുത്തുകൾ ഡലിവറിക്കുള്ളതും വ്യാപാരങ്ങൾ ധാരാളമുള്ളതുമായ ടൌണുകളിൽപെട്ട അഞ്ചലാപ്പീസ്സുകളിൽ പുതിയതായി എത്ര ശിപായിമാരെ നിയമിച്ചിട്ടുണ്ടു;

(എച്ച്) ഓരോസ്ഥലത്തും നിയമിച്ചവരുടെ പേരും ജാതിയും അറിയിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉണ്ടു.

(ബി)&(സി) വേണ്ടവിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു *(Appendix I)*

(ഡി) ഉവ്വു.

(ഇ) ൨൯ പേരെ.

(എഫ്) അതെ.

(ജി) എറണാകുളത്തും തൃശ്ശിവപേരൂരും ഈരണ്ടു ശിപായിമാരെ വീതവും കൊച്ചിക്കു ഒന്നും കൂടുതലായി നിയമിച്ചിട്ടുണ്ടു.

(എച്ച്) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix II)*

**BONUS TO GOVERNMENT SERVANTS IN MEMORY OF THE INDEPENDENCE DAY**

**35. Mr. M. O. Thomakutty** *(Commerce and Industry):* Will Government be pleased to state.—

*(a)* do the Government know that certain Governments have granted bonus to their servants in memory of the Indian Independence Day;

*(b)* do the Cochin Government propose to give such bonus to their servants?

**Mr. P. Govinda Menon** *(Prime Minister):*

*(a)* No, but Government have seen an item of Madras news, dated 13th August 1947 published in the papers to the effect that employees in Municipalities and local bodies would get a month's bonus on the eve of the Independence Day according to a decision taken by the Madras Government.

*(b)* There is no such proposal.

**SCARCITY OF WATER—COMPLAINTS REGARDING**

**36.** മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടിപറയുമൊ.—

(എ) ൧൯൪൬ ഇടവം ൧൭-ം ൨൫-ം തിയ്യതികളിൽ എറണാകുളത്തേയും കൊച്ചിയിലേയും നിവാസികൾ ശുദ്ധജലം കിട്ടാതെ വിഷമിച്ച വസ്തുത ഗവൺമെണ്ടിനറിയാമൊ;

(ബി) ഇതിനെ സംബന്ധിച്ചു ടീപം പത്രം എഴുതിയിരുന്ന മുഖപ്രസംഗം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ?

(സി) ആ മുഖപ്രസംഗത്തിൽ ഉന്നയിച്ച ആക്ഷേപത്തെപ്പറ്റി ഗവൺമെണ്ടു വല്ല അന്വേഷണമോ നടപടിയൊ നടത്തുകയുണ്ടായിട്ടുണ്ടൊ?



LIBRARY ARCHIVES Kerala Legislative Assembly